# ജനം കാണണം



## ഭരണം

എസ്. ഹരികിഷോർ

### വെല്ലുവിളി

സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കാനുള്ള സമയം കുറയ്ക്കുക

### സാധ്യത

സാങ്കേതികവിദ്യ ഭരണ നിർവഹണത്തെ ജനകീയമാക്കും

ജനകീയപ്രശ്നങ്ങളിലെ പരാതി പരിഹാരത്തിനു പുതുപുത്തൻ വഴികൾ ഫലപ്രദമായി വിനിയോഗിക്കപ്പെടും. മൊബൈൽ ആപ്ലിക്കേഷൻ വഴി വൈദ്യുതി മുടക്കമുണ്ടായാൽ കെഎസ്ഇബി അധികൃതർക്കും ക്രമസമാധാനലംഘനം പോലെയുള്ള പ്രശ്നങ്ങളുണ്ടായാൽ പൊലീസിനും ഞൊടിയിടയിൽ പരാതി പോകുന്ന തരം സംവിധാനം. അതേ ആപ്പിലൂടെ പരാതിക്കാരനു പരിഹാരനടപടിയുടെ വിശദാംശങ്ങളും ലഭിക്കും. സർക്കാർ സേവനങ്ങളിലെ പരാതി പരിഹാര സംവിധാനം കിറുകൃത്യമായി നിരീക്ഷിക്കപ്പെടുകയും വിലയിരുത്തപ്പെടുകയും ചെയ്ത് സമയബന്ധിതമായി സേവനം ഉറപ്പാക്കപ്പെടും.

ക്യൂ, ടിക്കറ്റ് പ്രശ്നങ്ങളില്ലാത്ത പൊതുഗതാഗത സംവിധാനം വരും. ഇന്ത്യയിൽ പൊതുബസുകളിൽ സ്മാർട് കാർഡ് സൗകര്യം കൊണ്ടുവരുന്ന ആദ്യത്തെ സംസ്ഥാനമാകും കേരളം. പല വിദേശരാജ്യങ്ങളിലുമുള്ളതുപോലെ, ബസിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും സ്മാർട് കാർഡ് ഉപയോഗിച്ചു രേഖപ്പെടുത്തി, യാത്രാക്കൂലി നമ്മുടെ അക്കൗണ്ടിൽ നിന്നു താനേ അടഞ്ഞുപോകുന്ന സംവിധാനം വരും.

വളരെ കാര്യക്ഷമമായ ഭരണസംവിധാനത്തിനു വഴിയൊരുക്കി പൊതു, സ്വകാര്യ പങ്കാളിത്തങ്ങൾ വളർന്നു പടർന്നു പന്തലിക്കും. സ്വകാര്യമേഖലയുടെ കാര്യക്ഷമതയും സർക്കാർ മേഖലയുടെ അനുഭവസമ്പത്തും എൻജിഒകളുടെ സഹാനുഭൂതിയും ഒത്തുചേർന്നാൽ കിട്ടുക ഏറ്റവും മികച്ച ഭരണമായിരിക്കും.

ജനകേന്ദ്രീകൃത ഭരണം വരും. സേവനങ്ങൾക്കെടുക്കുന്ന സമയമായിരിക്കും ഭരണവ്യവസ്ഥയുടെ മികവിന്റെ മാനദണ്ഡം. പ്രകടനം നിലവാരത്തിനു താഴെയായാൽ ഉദ്യോഗസ്ഥർ അല്ലെങ്കിൽ ഭരണനേതൃത്വം താനേ മാറുന്ന സ്ഥിതി വരും.

ഭരണവ്യവസ്ഥിതിയിലെ അഴിമതി കുറയ്ക്കാൻ സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തണം. ഉദ്യോഗസ്ഥർ ജോലിക്കു ഹാജരാകുമ്പോഴും ഓഫിസ് വിടുമ്പോഴും അതു പൊതുജനങ്ങൾക്കു മുൻപാകെ റജിസ്റ്റർ ചെയ്യപ്പെടണം. ആർഎഫ്ഐഡി, ലേസർ തുടങ്ങിയ സാങ്കേതികവിദ്യകൾ ഇതിനായി പ്രയോജനപ്പെടുത്താം. ഉദ്യോഗസ്ഥർ എത്രമാത്രം ജോലിചെയ്യുന്നുവെന്ന് ജനത്തിന് അളക്കാൻ കഴിയണം.

എല്ലാ പൊതുവാഹനങ്ങളും ജിപിഎസ് ഉപയോഗിച്ചു ട്രാക്ക് ചെയ്യപ്പെടും. അതിന്റെ തൽസമയവിവരങ്ങളും പൊതുജനങ്ങൾക്കു ലഭ്യമാകും. കെട്ടിടനിർമാണ പെർമിറ്റും ഇ-ഫയലുകളും ഫയൽ അനുമതിയുമുൾപ്പെടെ കാര്യങ്ങളുടെ വിശദാംശങ്ങൾ പൊതുജനങ്ങൾക്കു ലഭിക്കും. ഫയലുകൾ വച്ചുതാമസിപ്പിക്കുന്നതും അഴിമതിയും തടയാനുള്ള സർവസമയ സോഷ്യൽ ഓഡിറ്റിന്റെ ഫലം ചെയ്യുമിത്. ഭരണകൂടവും ജനങ്ങളും തമ്മിൽ നേരിട്ടു സമ്പർക്കത്തിനു വഴിയൊരുങ്ങും. കുടുംബശ്രീ പ്രധാനപ്പെട്ട സേവനദാതാവായി മാറും. സാധനങ്ങൾ വീട്ടിലെത്തിച്ചു തരുന്നതു മുതൽ സാന്ത്വന പരിചരണവും മാലിന്യസംസ്കരണവും വിഷരഹിത പച്ചക്കറിക്കൃഷിയും വരെയുള്ള മേഖലകളിൽ കുടുംബശ്രീ മുദ്ര പതിയും.

(പത്തനംതിട്ട ജില്ലാ കലക്ടറാണ് ഹരികിഷോർ)